പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

479/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) 'ജില്ലാ സഹകരണ ബാങ്ക്' എന്നാൽ, ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും മാത്രം അതിന്റെ അംഗങ്ങളായിട്ടുള്ളതും, അതിലെ അംഗങ്ങൾക്കും, വ്യക്തികൾക്കും വായ്പ നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യം ഉള്ളതുമായ ഒരു കേന്ദ്രസംഘം എന്ന് അർത്ഥമാകുന്നു.".

3. 16എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 16എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിലെ, രണ്ടാം ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

479/2017.

"എന്നുമാത്രമല്ല ഒരു ജില്ലാസഹകരണ ബാങ്കിന്, അതിന്റെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള, ഈ ആക്റ്റിന്റെ വ്യവസ്ഥകളിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു സഹകരണ സംഘത്തേയും നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളാക്കാവുന്നതാണ്".

5. വകുപ്പ് 19എ വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 19എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

6. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 28-ാം വകുപ്പിൽ,

(i) (1)-ാം ഉപവകുപ്പിലെ 3-ാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്;

(ii) 1എച്ച് ഉപവകുപ്പിൽ, "ഏറ്റവും കുറഞ്ഞത് ഒരു" എന്ന വാക്കുകൾക്ക് പകരം "ഏറ്റവും കുറഞ്ഞത് രണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) 1ഐ ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

7. 28 എബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28എബി വകുപ്പിലെ 2-ാം ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു സംഘത്തിലെ യാതൊരു അംഗത്തിനും തുടർച്ചയായ രണ്ടു കാലാവധിയിൽ കൂടുതൽ അതിന്റെ പ്രസിഡന്റോ വൈസ്പ്രസിഡന്റോ ആയി സ്ഥാനം വഹിക്കുവാൻ അർഹതയില്ലാത്തതാകുന്നു.

എന്നാൽ (3)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ സംഘങ്ങളുടെ പ്രസിഡന്റായോ വൈസ് പ്രസിഡന്റായോ അപ്രകാരം സ്ഥാനം വഹിക്കുന്നവർക്ക് അവരുടെ നിലവിലെ കാലാവധി പൂർത്തീകരിക്കുന്നതുവരെ ബാധകമല്ലാത്തതുമാകുന്നു.".

8. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിലെ 3-ാം ക്ലിപ്ത നിബന്ധനയ്ക്കുശേഷമുള്ള നിലവിലെ വിശദീകരണം, വിശദീകരണം II ആയി അക്കമിടേണ്ടതും അങ്ങനെ അക്കമിട്ട വിശദീകരണം II-നു മുമ്പായി താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

വിശദീകരണം I.—ഈ ക്ലിപ്തനിബന്ധനയുടെ ആവശ്യങ്ങൾക്കായി, ധനസഹായം എന്നതിൽ, കേരള സഹകരണ-വികസന ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി നിധി ബോർഡ് നടപ്പിലാക്കിയ നിക്ഷേപ ഗ്യാരന്റി പദ്ധതി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് നടപ്പിലാക്കിയ റിസ്ക് ഫണ്ട് സ്കീം, നബാർഡ്, ദേശീയ സഹകരണ വികസന കോർപ്പറേഷനും സംസ്ഥാനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റേതെങ്കിലും ധനകാര്യസ്ഥാപനവും നൽകുന്ന ഏതെങ്കിലും ധന സഹായവും കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ ഗ്യാരന്റി ചെയ്യുന്ന മറ്റേതെങ്കിലും ധനസഹായവും ഉൾപ്പെടുന്നു.

9. നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.— (1) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിന്റെ (2017-ലെ 4) പ്രാരംഭത്തിൽ പ്രധാന ആക്റ്റിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) പ്രസ്തുത ഓർഡിനൻസിന്റെ പ്രാരംഭ തീയതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള ഒരു ജില്ലാ സഹകരണ ബാങ്കിലെ അംഗങ്ങൾ അങ്ങനെയുള്ള പ്രാരംഭത്തിൽ അപ്രകാരമുള്ള ജില്ലാസഹകരണ ബാങ്കുകളുടെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളാകുന്നതാണ്.

(ബി) അങ്ങനെയുള്ള പ്രാരംഭത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെ ഔദ്യോഗിക സ്ഥാനത്തുള്ള കമ്മിറ്റി നിലവിലില്ലാതായിത്തീരുന്നതും രജിസ്ട്രാർക്ക് ഒരു പുതിയ കമ്മിറ്റിയെയോ സംഘത്തിൽ അംഗമായിരിക്കേണ്ടതല്ലാതെയുള്ള ഒന്നോ അതിലധികമോ ഭരണാധിപനെയോ അല്ലെങ്കിൽ ഭരണാധിപന്മാരെയോ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് ബാങ്കിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി നിയമിക്കുവാൻ ക്ഷമതയുണ്ടായിരിക്കുന്നതും, ആ കാലയളവ്, രജിസ്ട്രാറുടെ വിവേചനാധികാരം ഉപയോഗിച്ച് കാലാകാലങ്ങളിൽ നീട്ടാവുന്നതും എന്നാൽ ആകെ കാലാവധി ഒരു വർഷത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റിയോ, ഭരണാധിപനോ ഭരണാധിപന്മാരോ രജിസ്ട്രാറുടെ നിയന്ത്രണത്തിനും കാലാകാലങ്ങളിൽ അദ്ദേഹം നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കും വിധേയമായി, കമ്മിറ്റിയുടെയോ സംഘത്തിന്റെ ഏതെങ്കിലും ആഫീസറുടെയോ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതും സംഘത്തിന്റെ താൽപ്പര്യാർത്ഥം ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള നടപടി എടുക്കേണ്ടതുമാണ്.

(3) കമ്മിറ്റികളോ ഭരണാധിപനോ ഭരണാധിപന്മാരോ അതിന്റെ അല്ലെങ്കിൽ അയാളുടെ അല്ലെങ്കിൽ അവരുടെ ഔദ്യോഗികകാലാവധി അവസാനിക്കുന്നതിന് മുൻപ് പ്രധാന ആക്റ്റിലും ബാങ്കിന്റെ ഉപനിയമങ്ങളിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഒരു പുതിയ ഭരണസമിതിയുടെ രൂപീകരണത്തിനുവേണ്ട ഏർപ്പാട് ചെയ്യേണ്ടതാണ്.

10. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, അതതുസംഗതിപോലെ, ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ സഹകരണ മേഖല ഒരു ഹ്രസ്വകാല ത്രിതല കാർഷിക വായ്പാ സംവിധാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ അടങ്ങിയിരിക്കുന്നു. ജില്ലാസഹകരണ ബാങ്ക് 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെയും അതിൻ കീഴിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകൾക്കും അനുസൃതമായി പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. എന്നാൽ വ്യത്യസ്ത ഇടവേളകളിൽ കാർഷികേതര സഹകരണ സംഘങ്ങൾക്കുകൂടി ജില്ലാ ബാങ്കിൽ വോട്ടിംഗ് അംഗത്വം നൽകിയിരുന്നു. ഇക്കാരണത്താൽ ജില്ലാസഹകരണ ബാങ്കുകളുടെ ബോർഡിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം ക്രമാതീതമായി കുറഞ്ഞു. ഈ സാഹചര്യത്തിൽ, ജില്ലാ സഹകരണ ബാങ്കുകളുടെ പ്രാതിനിധ്യ സ്വഭാവത്തിലുണ്ടായ മാറ്റങ്ങൾ നിലവിലെ ത്രിതല വായ്പാ സ്ഥാപന വ്യവസ്ഥയുടെ കെട്ടുറപ്പിനെ എങ്ങനെ ബാധിക്കുന്നുവെന്ന് പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതും ആ കമ്മിറ്റി അതിന്റെ ശിപാർശകൾ സഹിതം വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

2. ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം 31% മാത്രമാണ്. ജില്ലാസഹകരണ ബാങ്കുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 11,759 സംഘങ്ങളിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ എണ്ണം 1670 മാത്രമാണ്. ആയത് വെറും 14.2% മാത്രമാണ്. 14 ജില്ലാ സഹകരണ ബാങ്കുകളുടെ അടച്ചു തീർത്ത മൂലധനം 835.44 കോടി രൂപയാണ്. അതിൽ 751.26 കോടി രൂപ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വിഹിതമാണ്. ആയത് മൊത്തം മൂലധനത്തിന്റെ 84.18% ആണ്. ജില്ലാ സഹകരണ ബാങ്കിന്റെ ആകെ നിക്ഷേപം 52455.98 കോടി രൂപയാണ്. അതിൽ പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ വിഹിതം 26,066 കോടിയും ആയത് മൊത്തം നിക്ഷേപത്തിന്റെ 49.69%-വും ആണ്. എന്നാൽ കാർഷികേതര സംഘങ്ങളുടെ നിക്ഷേപം 7629.45 കോടി രൂപ മാത്രമാണ്. ബാക്കി വ്യക്തിഗത നിക്ഷേപമാണ്. ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശം പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്താൻ കമ്മിറ്റി നിർദ്ദേശിച്ചു. ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടിംഗ് അധികാരം പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കും മാത്രമായി ഉറപ്പുവരുത്തുന്നതിലേക്കായി കേരള സഹകരണസംഘം ആക്റ്റിന്റെ 2, 18 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തേണ്ടതാണ്.

3. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ അഴിമതിയും നിയമവിരുദ്ധ നിയമനങ്ങളും ഫണ്ട് ദുരുപയോഗവും, നിയമ വിരുദ്ധ സ്ഥാനക്കയറ്റങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമപരമായ നിയന്ത്രണങ്ങൾമൂലം സർക്കാരിന് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ ഫലപ്രദമായ ഇടപെടൽ ഉറപ്പുവരുത്തുന്നതിന് 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ ഒരു ഭേദഗതി ആവശ്യമാണ്. ആകയാൽ 1969-ലെ കേരള സഹകരണസംഘ ആക്റ്റിലെ 32-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

4. 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ ഏതാനും വ്യവസ്ഥകൾ സഹകരണസംഘങ്ങളിലെ കമ്മിറ്റികളിലേക്കുള്ള സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിന് തടസ്സമാണ്. ആയതിനാൽ തുടർച്ചയായി രണ്ടുവർഷം സംഘത്തിന്റെ സേവനം ഉപയോഗിക്കാൻ വീഴ്ച വരുത്തുകയോ സംഘത്തിലെ മൂന്ന് വാർഷിക ജനറൽ ബോഡി യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിയുടെ അംഗത്വം റദ്ദാക്കപ്പെടുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 16എ വകുപ്പും 19എ വകുപ്പും ഒഴിവാക്കേണ്ടതാണ്.

5. പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും കാലാവധി കൂടി നിശ്ചയിക്കേണ്ടതുണ്ട്. ആകയാൽ 28, 28എബി എന്നീ വകുപ്പുകളിലും ഭേദഗതി വരുത്തേണ്ടതുണ്ട്.

6. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2017 ഏപ്രിൽ 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഏപ്രിൽ 10-ാം തീയതിയിലെ 703-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2017-ലെ 4-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ.

(ശരിത്തർജ്ജമ)

# 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1969-ലെ 21)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ അതിന്റെ അംഗങ്ങൾക്കും, വ്യക്തികൾക്കും വായ്പ നൽകുന്നതിന് ഫണ്ട് സമാഹരിക്കുകയെന്ന പ്രധാന ഉദ്ദേശ്യമുള്ളതും ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, അങ്ങനെയുള്ള റവന്യൂ ജില്ലയിൽ ആസ്ഥാനമുള്ള ഏതൊരു തരത്തിലുംപെട്ട പ്രാഥമിക സംഘങ്ങളും ഫെഡറൽ സഹകരണ സംഘങ്ങളും കേന്ദ്ര സംഘങ്ങളും അതിന്റെ അംഗങ്ങളായുള്ളതും 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉള്ളതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു ;".

** ** ** **

16എ. സംഘങ്ങളുടെ നടത്തിപ്പിൽ അംഗങ്ങളുടെ പങ്കെടുക്കൽ ഉറപ്പാക്കൽ.—(1) ഒരു സഹകരണ സംഘത്തിലെ യാതൊരു അംഗത്തിനും,—

(എ) അയാൾ, തുടർച്ചയായി രണ്ട് വർഷങ്ങളായി സംഘത്തിന്റെ സേവനങ്ങൾ ഉപയോഗിക്കാതിരിക്കുകയാണെങ്കിലോ ചട്ടങ്ങളിലോ ഉപനിയമങ്ങളിലോ നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ നിലയിലും താഴെ സേവനങ്ങൾ ഉപയോഗിക്കുകയാണെങ്കിലോ;

(ബി) അയാൾ, സംഘത്തിന്റെ തുടർച്ചയായ മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയും അങ്ങനെയുള്ള അഭാവം പൊതുയോഗത്തിൽ അംഗങ്ങളാൽ മാപ്പാക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ,

അംഗമായി തുടരുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഒരു അംഗമായി തുടരുന്നതിന് അയോഗ്യനാകുന്നപക്ഷം, അയാൾക്ക് നിവേദനം എന്തെങ്കിലും ഉണ്ടെങ്കിൽ അത് സമർപ്പിക്കുന്നതിന് ഒരു അവസരം നൽകിയശേഷം, സംഘത്തിന്റെ കമ്മിറ്റിക്ക്, അയാളെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതും ബന്ധപ്പെട്ട ആൾ അതിനുശേഷം സംഘത്തിലെ അംഗമല്ലാതായിത്തീരുന്നതുമാണ്:

എന്നാൽ, മേൽപ്പറഞ്ഞ പ്രകാരം നീക്കം ചെയ്യപ്പെട്ട സംഘത്തിലെ യാതൊരംഗത്തിനും അങ്ങനെയുള്ള നീക്കം ചെയ്യൽ തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ആ സംഘത്തിലെ ഒരു അംഗമായി, പുനഃപ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.".

** ** ** **

18. നാമമാത്ര അംഗങ്ങൾ അഥവാ സഹായകാംഗങ്ങൾ.—(1) ഏതൊരു വ്യക്തിയേയും നാമമാത്ര അംഗമായോ സഹായകാംഗമായോ ഒരു സംഘത്തിന് ചേർക്കാവുന്നതാണ്:

** ** ** **

** ** ** **

എന്നിരുന്നാലും, ഒരു ജില്ലാ സഹകരണ ബാങ്കിന് അതിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ഏതൊരു വ്യക്തിഗത നിക്ഷേപകനെയോ ഏതൊരു വായ്പക്കാരനെയോ അതിന്റെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്.

** ** ** **

19 എ അംഗത്തിന്റെ പങ്കെടുക്കൽ.—ഒരു സംഘത്തിന്റെ യാതൊരംഗവും, അയാൾ നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ ആവശ്യമായത്ര ജനറൽ ബോഡിയോഗങ്ങളിൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ നിലയിലെ സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്യാത്ത പക്ഷം ഒരു അംഗത്തിന്റെ അവകാശം വിനിയോഗിക്കുവാൻ പാടുള്ളതല്ല.

** ** ** **

28. കമ്മിറ്റിയെ നിയമിക്കൽ.—(1) ഒരു സംഘത്തിന്റെ ജനറൽ ബോഡി ഉപനിയമങ്ങൾ അനുസരിച്ച് അഞ്ച് വർഷ കാലയളവിലേക്ക് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും സംഘ കാര്യാദികളുടെ നടത്തിപ്പ് അത്തരം കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാകുന്നു:

** ** ** **

എന്നുമാത്രമല്ല, താഴെപ്പറയുന്ന തരത്തിലുള്ള സഹകരണ സംഘങ്ങളുടെ സംഗതിയിൽ ഉപനിയമങ്ങൾക്കനുസൃതമായി വാർഡ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്, അതായത്:—

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/ ഗ്രാമീണ ബാങ്കുകൾ/റീജ്യണൽ ബാങ്കുകൾ;

(ബി) അർബൻ സഹകരണ ബാങ്കുകൾ;

(സി) അർബൻ സഹകരണ സംഘങ്ങൾ;

(ഡി) പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ;

(ഇ) പ്രാഥമിക ഭവനസംബന്ധമായ സഹകരണസംഘങ്ങൾ.";

** ** ** **

(1 എച്ച്) ജില്ലാ സഹകരണ ബാങ്കിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ സഹകരണ ബാങ്കിന്റെ കമ്മിറ്റിയിൽ ഓരോ താലൂക്കിനെയും സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് ഒരു സീറ്റെങ്കിലും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രതിനിധികൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(1 ഐ) ജില്ലാ സഹകരണ ബാങ്കിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ സഹകരണ ബാങ്കിന്റെ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞത് നാലു സീറ്റുകളെങ്കിലും മറ്റ് തരത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കുവേണ്ടി ജില്ലാ സഹകരണ ബാങ്കിലെ അംഗങ്ങളെന്ന നിലയിൽ സംവരണം ചെയ്യേണ്ടതാണ്.

** ** ** **

28 എബി. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കലും, നീക്കം ചെയ്യലും.—

(1) വകുപ്പ് 28(1)-ാം ഉപവകുപ്പ് അനുസരിച്ച് രൂപീകൃതമായ ഭരണസമിതി, അവരിൽ നിന്നും ഒരു പ്രസിഡന്റിനെയും ഒരു വൈസ് പ്രസിഡന്റിനെയും, ഒരു ട്രഷററെയും മറ്റുപേരിൽ അറിയപ്പെടുന്ന ഔദ്യോഗിക ഭാരവാഹികളെയും അനുശാസിക്കപ്പെട്ട രീതിയിൽ തെരെഞ്ഞെടുക്കേണ്ടതാണ്.

(2) പ്രസിഡന്റിനെയോ വൈസ് പ്രസിഡന്റിനെയോ മറ്റ് ഭാരവാഹികളെയോ കമ്മിറ്റി അംഗങ്ങളുടെ ഭൂരിപക്ഷപിന്തുണയുള്ള അവിശ്വാസ പ്രമേയത്തിലൂടെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

** ** ** **

32. കമ്മിറ്റി പിരിച്ചുവിടൽ.—(1) രജിസ്ട്രാർക്ക് അദ്ദേഹം സ്വയമേവയോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥൻ മുഖേനയോ ഒരു അന്വേഷണം നടത്തിയശേഷമോ അല്ലെങ്കിൽ ധനസഹായം ചെയ്യുന്ന ബാങ്കിന്റെയോ ഗവൺമെന്റിന്റെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെയോ റിപ്പോർട്ടിന്മേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഏതെങ്കിലും സംഘത്തിന്റെ കമ്മിറ്റി,—

** ** ** **

എന്നുമാത്രമല്ല, സർക്കാരിന്റെ ഓഹരിയോ, വായ്പയോ, ധനസഹായമോ അല്ലെങ്കിൽ സർക്കാരിന്റെയോ സർക്കാരിനാൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ബോർഡിന്റെയോ സ്ഥാപനങ്ങളുടെയോ ഏതെങ്കിലും ഗ്യാരന്റിയോ ഇല്ലാതിരിക്കുന്നിടത്ത്, ഒരു സഹകരണ സംഘത്തിന്റെ ബോർഡിനെ അതിലംഘിക്കുവാനോ സസ്പെൻഷനിൽ വയ്ക്കുവാനോ പാടുള്ളതല്ല.

വിശദീകരണം.—പ്രസിഡന്റിനോ, അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റിനോ പ്രസിഡന്റിന്റെയോ ചുമതല വഹിക്കുന്ന ഏതെങ്കിലും കമ്മിറ്റി അംഗത്തിനോ ഒരു സംഘത്തിന്റെ മുഖ്യനിർവ്വാഹകനോ, ഈ ഖണ്ഡപ്രകാരം നൽകിയ ഒരു നോട്ടീസും ഒരു ഉത്തരവും സംഘത്തിന്റെ കമ്മിറ്റി നൽകിയ ഒരു ഉത്തരവായി കണക്കാക്കുന്നതാണ്.

** ** ** **

---